# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

Editor,
THE BIBLE TEACHER
C-22, N. D. S E. II
NEW DELHI-110049.


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ,നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

**Editors**

**P. K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 11 July 1997 No. 4

## എഡിറേറാറിയൽ

പണ്ടു നോഹയുടെ കാലയളവിൽ ആളുകൾ ഏതുപോലെയായിരുന്നോ, അതുപോലെയാണ് ഇന്നത്തെ ജനങ്ങളും. മനോഭാവത്തിലോ പെരുമാററത്തിലോ, പ്രവർത്തനങ്ങളിലോ വലിയ അന്തരം കാണുന്നില്ല. ലംഘനത്തോട് ലംഘനം വർദ്ധിപ്പിക്കുന്ന സ്വഭാവമാണ് ഭൂരിപക്ഷം പേരിലും ഉള്ളത്. പുരോഗതി പലതിലും പല ഘട്ടങ്ങളായി നടക്കുന്നുണ്ട്. അന്തരേന്ദ്രിയങ്ങളുടെ നിയന്ത്രണമെല്ലാം നിഷേധാത്മക സ്വഭാവമുള്ള ഒരു ശക്തിക്കു അടിയറവു പറഞ്ഞിരിക്കയാണ്. ജഡത്തെയും മനോവികാരത്തെയും അനുസരിച്ച് ജീവിക്കുന്ന സമൂഹത്തിന്റെ അന്ത്യമെന്താകും എന്നു ചിന്തിച്ചിട്ടുണ്ടോ? ഇതിൽ നിന്നു അവരെ പിന്തിരിപ്പിക്കാൻ എന്താണ് മാർഗ്ഗം? പ്രബലരും പ്രഗത്ഭരും ആ വഴിക്കു ചിന്തിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

സാമൂഹ്യ നന്മക്കു വേണ്ടി ഇറങ്ങി തിരിച്ചിരിക്കുന്ന മത സംഘടനകൾ ധാരാളമുണ്ട്. അതിന്റെ നിയന്ത്രണം ഏറെറടുത്തിരിക്കുന്ന മതാദ്ധ്യക്ഷന്മാർ ജനങ്ങളോട് നീതി പുലർത്തേണ്ടവരല്ലേ? ആണ്, പക്ഷെ നടക്കുന്നതു അനീതിയാണ്. ഒരു കുട്ടിയെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതു അറിവു ലഭിക്കുവാനാണല്ലോ. പക്ഷെ ആ ആവശ്യ

ത്തിനു ഇവരെ സമീപിക്കുന്ന രക്ഷകർത്താക്കൾ അവിഹിത മാർഗ്ഗത്തിലൂടെ പോയില്ലെങ്കിൽ അവരെ പീഡിപ്പിക്കുന്ന കാഴ്ച ദയനീയമാണ്. അവർക്ക് ആവശ്യം ജഡവും പണവുമാണ്. അതിനായി അവർക്കു എന്തും ചെയ്യാൻ മടിയില്ല. ലോകം ഇത്ര അധഃപ്പതിച്ചു പോയല്ലൊ എന്നതാണ് പ്രശ്നം. ഇതൊക്കെ ചെയ്താലും ഈ അദ്ധ്യക്ഷന്മാരെ മതാചാര്യന്മാരായി വാഴ്ത്തുന്നവരാണ് സാധാരണക്കാർ എന്നതു അതീവ കഷ്ടം. ഇതിനു പരിഹാരമെന്ത്?

ചൂഷണം, വഞ്ചന, അക്രമം, അനീതി, വ്യഭിചാരം, മദ്യപാനം എന്നിവയൊന്നും വലിയ തെററായി ഇക്കൂട്ടർ കരുതുന്നില്ല എന്ന സ്ഥിതിയാണുള്ളത്. ധാർമ്മികത ഒരിടത്തും കാണാനില്ല എന്നു തന്നെ പറയാം. നിയമ പാലകരും നിയമ ലംഘികളായി തീർന്നിരിക്കയാണ്. അഴിമതിക്കു വേണ്ടി ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥ സമൂഹത്തെ മനഃസാക്ഷിയില്ലാത്തവർ എന്നു വിളിച്ചാൽ അതു കുറവായിരിക്കയില്ല. ഇതിൽ നിന്നുള്ള മോചനം എങ്ങനെ? ദൈവ കോപത്തിൻെറ മൂർദ്ധന്യാവസ്ഥയിൽ പടിപടിയായി ചെയ്യുന്ന പ്രവർത്തികൾക്കു ശിക്ഷ കൊടുക്കും എന്നതു തർക്കമെററ കാര്യമാണ്. സാധാരണക്കാരും അല്ലാത്തവരും ദൈവത്തെ ഭയന്നു അവൻെറ കല്പനകൾ അനുസരിച്ചു ജീവിച്ചാൽ ഭയങ്കര ശിക്ഷാവിധിയിൽ നിന്നു ഒഴിഞ്ഞു മാറാം. അതിനു ചിന്തയും വിചാരവുമെല്ലാം മാററണം. തിരുവെഴുത്തിൽ പറയുന്ന വഴി സ്വീകരിക്കാൻ തക്ക ദൈവ വിശ്വാസവും ദൈവഭയവുമുണ്ടാകണം. ഇല്ലെങ്കിൽ അവർ കഠിനമേറിയ ശിക്ഷ അനുഭവിക്കേണ്ടി വരും.

★

# ദുരുപദേഷ്ടാവിനുള്ള മറുപടി

## J.C. ചോട്ട്

അടുത്ത സമയത്തു നാമധേയ വിഭാഗത്തിൽ പെട്ട ഒരു ഉപദേഷ്ടാവ് എഴുതിയ ഒരു ലഘുലേഖ ഞാൻ വായിക്കുവാനിടയായി. അതിൽ അദ്ദേഹം കർത്താവിൻെറ സഭയെ ആക്രമിക്കുന്നതിനു തുനിഞ്ഞിരിക്കയാണ്. അയാൾക്കു ക്രിസ്തുവിൻെറ സഭയെ കുറിച്ചുള്ള അറിവ് പരിമിതമാണ് എന്നതാണ് വാസ്തവം. സഭയെ പററിയും മററു അനേക വിഷയങ്ങളെ പററിയും ബൈബിളിൽ ഉള്ള സത്യം അയാൾ മനസിലാക്കിയിട്ടില്ല. എങ്കിലും സഭയെ എതിർക്കുകയാണ് ചെയ്തിരിക്കുന്നതു. ഈ വ്യക്തി കർത്താവിൻെറ സഭയുടെ ശത്രുവാണ്- അതുകൊണ്ടു കർത്താവിൻേറയും ശത്രുവത്രെ. കർത്താവ് ശൗലിന്നു പ്രത്യക്ഷനായപ്പോൾ "ശൗലേ ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതു" എന്ത് എന്നു ചോദിച്ചു (പ്രവൃത്തി 9:4). വാസ്തവത്തിൽ അവൻ സഭയെയാണ് മുടിച്ചു വന്നതു. അങ്ങനെ ചെയ്യുമ്പോൾ അവൻ ക്രിസ്തുവിനെയാണ് ഉപദ്രവിച്ചതു. ക്രിസ്തുവും തൻെറ സഭയും എത്ര ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു ഇതു കാണിക്കുന്നു. ഒന്നിനെ എതിർക്കാതെ മറെറാന്നിനെ എതിർക്കാൻ സാദ്ധ്യമല്ല. ക്രിസ്തുവിൻെറ ശരീരമാകുന്ന സഭയെ എതിർക്കുന്നതു ക്രിസ്തുവിനെ എതിർക്കുന്നതിനു തുല്യമാണ്.

ഈ മനുഷ്യൻ എഴുതിയ ദുരാരോപണങ്ങൾ വായിച്ചപ്പോൾ വാസ്തവത്തിൽ എനിക്ക് അയാളോട് തോന്നിയ വികാരം, അയാൾ എന്തിനു വേണ്ടി ഇങ്ങനെ ഇല്ലാത്ത ആരോപണങ്ങൾ ആരോപിക്കാൻ അയാൾ മുതിർന്നു എന്നതായിരുന്നു. അതോടൊപ്പം ഇത്തരം എഴുത്തുകൾ വായിക്കുന്ന ആളുകൾ ബൈബിൾ പരിജ്ഞാനം ഇല്ലാത്തവരാണെങ്കിൽ അയാളുടെ പ്രസ്താവനകൾ ശരിയാണെന്നു വിശ്വസിച്ചു പോകും. അങ്ങനെ അവരും കർത്താവിൻെറ സഭ

യെ എതിർക്കുവാനും കർത്താവിനെ എതിർക്കുന്നവരും ആയി തീരാൻ ഇടയാകും. കർത്താവിൻെറ ഉപദേശങ്ങളെ എത്ര ലാഘവത്തോടെയാണ് ആളുകൾ എതിർക്കുന്നതു എന്നു ചിന്തിക്കുക.

ആ എഴുത്തുകാരൻ അതിൽ വിവരിക്കുന്നതു ക്രിസ്തുവിൻെറ സഭ പഠിപ്പിക്കുന്നതു എന്തെന്നാൽ എന്നു ആവർത്തിച്ച് പറഞ്ഞുകൊണ്ടാണ്. ക്രിസ്തുവിൻെറ സഭ എന്നാൽ എന്താണെന്നോ ക്രിസ്തുവിൻെറ സഭയുടേതായ ഉപദേശമില്ലെന്നോ അയാൾക്ക് അറിഞ്ഞുകൂടാ. ക്രിസ്തുവിൻെറ ഉപദേശത്താൽ വിളിച്ച് വേർതിരിച്ചിരിക്കുന്നവരുടെ കൂട്ടത്തെയാണ് സഭ എന്നു വിളിക്കുന്നതു. അതു ഒരു നാമധേയ വിഭാഗമല്ല. ഉപദേശം ക്രിസ്തുവിൻേറതു അഥവാ അപ്പൊസ്തലന്മാരുടേത്. കർത്താവിൻെറ സുവിശേഷം വിശ്വസിക്കയും അനുസരിക്കയും ചെയ്യുന്നവരെയാണ് അവൻ രക്ഷിക്കുന്നതു (മർക്കൊസ് 16:15-16; പ്രവൃത്തി 2:47). അതുകൊണ്ടു സഭ പഠിപ്പിക്കുന്നതു ക്രിസ്തുവിൻെറ ഉപദേശങ്ങളാണ്; സഭയുടേതല്ല. ബൈബിൾ എന്തു സംസാരിക്കുന്നുവോ അതു ഞങ്ങൾ സംസാരിക്കയും ബൈബിൾ എവിടെ നിശബ്ദത പാലിക്കുന്നുവോ അവിടെ നിശബ്ദത പാലിക്കയും ചെയ്യും. സഭയ്ക്കു സഭയുടേതായ ഉപദേശം ഇല്ല എന്ന കാര്യം എല്ലാവരും അറിഞ്ഞിരിക്കണം.

ആ വ്യക്തി അതിൽ ഏററവുമധികം ഉപയോഗിച്ചിരിക്കുന്ന വിഷയം സ്നാനം എന്നതാണ്. കൃപയാലത്രെ വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന (എഫെസ്യർ 2:8-9) ഭാഗം അതിൽ ഉദ്ധരിച്ചിട്ടുണ്ട്. ഒരു മനുഷ്യൻേറയും പ്രവൃത്തികൾ അതിനു കാരണമല്ല. ഒരാൾ രക്ഷക്കായി സ്നാനം ഏല്ക്കുമ്പോൾ അതൊരു പ്രവൃത്തിയായി കണക്കാക്കി അതിൽ പ്രശംസിക്കുമെന്ന് അയാൾ കരുതിയിരിക്കാം. തിരുവെഴുത്തു എങ്ങനെ തെററായി അയാൾ വ്യാഖ്യാനിക്കുന്നു എന്നതാണ് വിചിത്രം. ഒരെ

വം കൃപയാൽ (ദൈവത്തിന്റെ ഭാഗം) വിശ്വാസം നമ്മുടെ ഭാഗം) മൂലം നമ്മെ രക്ഷിക്കുന്നു. ദൈവം കല്പിക്കുന്നു നാം അതു അനുസരിക്കുന്നു. വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസി ക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നു കർത്താവ് പറഞ്ഞിരിക്കുന്നു (മർക്കൊസ് 16:16). യേശുക്രി സ്തു രക്ഷകനായതുകൊണ്ട് അവനിൽ നാം വിശ്വാസം അർപ്പിക്കണം; അവന്റെ പ്രമാണങ്ങൾ അനുസരിക്കയും വേണം.

സ്നാനം മാത്രം നമ്മെ രക്ഷിക്കുമെന്നോ, വിശ്വാസം മാത്രം നമ്മെ രക്ഷിക്കുമെന്നോ ക്രിസ്തു ഒരു ഭാഗത്തും പ റഞ്ഞിട്ടില്ല. രക്ഷക്കു വേണ്ടിയുള്ള നിബന്ധനകൾ നാം സ്വീകരിക്കണം. ദൈവേഷ്ടത്തിനു പൂർണ്ണമായി നാം കീഴ്പ്പെടണം എന്നർത്ഥം. അതിൽ ദൈവത്തിലുള്ള വി ശ്വാസം, പാപങ്ങളിൽ നിന്നുള്ള മാനസാന്തരം, യേശു ദൈ വ പുത്രനാണെന്ന് ഏററു പറയൽ, പാപമോചനത്തിനു വേണ്ടിയുള്ള സ്നാനം എന്നിവ ഉൾപ്പെട്ടിരിക്കുന്നു. ഇവ യെല്ലാം നാം അംഗീകരിച്ച് അവയോടു നാം യോജിക്കു മ്പോൾ ആണ് കർത്താവ് നമ്മെ രക്ഷിക്കുന്നതു. ഇവയെ ല്ലാം നാം ചെയ്താലും രക്ഷ എന്നതു ദൈവത്തിന്റെ ദാന മാണ്. അതിൽ പ്രശംസിപ്പാൻ നമ്മിൽ ഒന്നുമില്ല. പക്ഷെ അവന്റെ കല്പനകളെ അനുസരിക്കാതെ കൃപയാൽ നാം രക്ഷിക്കപ്പെടും എന്നു വിചാരിക്കുന്നതു വ്യർത്ഥമാണ്. ദൈവം അങ്ങനെ നമ്മെ രക്ഷിക്കുമെന്ന് പറഞ്ഞിട്ടില്ല. അ നുസരണക്കേടിൽ വസിക്കുന്ന ആളുകളെ ദൈവത്തിനു രക്ഷിക്കാൻ സാദ്ധ്യമല്ല.

മററു നാമധേയ വിഭാഗങ്ങളിൽ സ്നാനമേററവരെ വീ ണ്ടും ക്രിസ്തുവിന്റെ സഭയിലുള്ളവർ സ്നാനപ്പെടുത്തു ന്നു എന്നും ബൈബിളിൽ ഒരേ ഒരു സ്നാനം മാത്രമെ പ റഞ്ഞിട്ടുള്ളു എന്നും ആണ് അയാളുടെ മറെറാരു ആരോപ ണം. ബൈബിളിൽ സ്നാനം ഒന്നു എന്നു പറഞ്ഞിട്ടുണ്ട്.

അതു ശരിയാണ്, ഒരാാം വചനാനുസരണം സ്നാനപ്പെട്ടി ല്ലെങ്കിൽ അയാാം സ്നാനമേ ഏററിട്ടില്ല എന്നതാണ് വാസ്തവം. വെള്ളം കോരി ഒഴിച്ചിരിക്കാം, തളിച്ചിരിക്കാം, അല്ലെങ്കിൽ മുങ്ങിയിരിക്കാം. പക്ഷെ അതൊന്നും സ്നാനമായി ദൈവം കണക്കാക്കുന്നില്ല. അതുകൊണ്ടു രണ്ടാമതൊരു സ്നാനം എന്നോ, വീണ്ടും സ്നാനം എന്നോ പറയുവാൻ സാദ്ധ്യമല്ല. വചന പ്രകാരം സ്നാനമേററ ഒരാാം വീണ്ടും വചനമനുസരണം സ്നാനമേല്ക്കേണ്ട ആവശ്യമില്ല. എന്നാൽ ഒരാാം തെററായ ഉദ്ദേശത്തിനായി വെള്ളത്തിൽ മുങ്ങിയെങ്കിൽ പോലും ദൈവ വചന പ്രകാരം അയാാം ശരിയായി സ്നാനം ഏല്ക്കണം. സത്യത്തെ അസത്യമായി ആളുക്കളെ തെററിദ്ധരിപ്പിക്കുന്നവർ നമ്മുടെ സമൂഹത്തിൽ ഉണ്ട് എന്നതു എത്ര അപകടകരമാണ് എന്നു ഓർക്കുക.

വചന പ്രകാരമുള്ള സ്നാനം ക്രിസ്തുവിലുള്ള വിശ്വാസത്തെയും, പാപത്തിൽ നിന്നുള്ള മനസാന്തരത്തെയും, യേശു ദൈവപുത്രനാണെന്നു ഏററു പറയുന്നതിനെയും അടിസ്ഥാനപ്പെടുത്തി പാപ മോചനത്തിനു വേണ്ടിയുള്ള സ്നാനം എന്നു വിവക്ഷിച്ചിരിക്കുന്നു (എബ്രായർ 11:6; ലൂക്കൊസ് 13:3; റോമർ 10:10; പ്രവൃത്തി 2:38). തിരുവെഴുത്തു പ്രകാരമുള്ള സ്നാനം വെള്ളത്തിലുള്ള അടക്കമാണ് (കൊലൊസ്യർ 2:12; പ്രവൃത്തി 8). അതു ഒരാളെ ക്രിസ്തുവിനോടു ചേർക്കുന്നു (റോമർ 6:3,4; ഗലാത്യർ 3;26-27). ഏക സഭയോടു ചേർക്കുന്നു (1 കൊരിന്ത്യർ 12:13). വചനാനുസരണം സ്നാനപ്പെടുന്നവരെ കർത്താവ് ആ സമയത്തു രക്ഷിക്കുകയും അവൻ തൻെറ സഭയിലേക്കു അവരെ ചേർക്കയും ചെയ്യുന്നു (മർക്കൊസ് 16:16; പ്രവൃത്തി 2:47). ക്രിസ്തുവിനു പുറത്തു ആർക്കും രക്ഷയില്ല എന്നതിനാലും, സ്നാനം നമ്മെ രക്ഷിക്കുന്നു എന്നതിനാലും, ക്രിസ്തുവിനോടു ചേർക്കുന്നു എന്നതിനാലും സ്നാനത്തിനു മുൻപ് ഒരാാം രക്ഷിക്കപ്പെടുന്നില്ല. രക്ഷിക്കപ്പെട്ടതിൻെറ അട

യാളമായിട്ടല്ല സ്നാനം വചനത്തിൽ പറഞ്ഞിരിക്കുന്നതു (1 പത്രൊസ് 3:21). ഒരാൾ ഏതെങ്കിലും നാമധേയ വിഭാഗത്തിൽ ആണെങ്കിൽ അയാൾ രക്ഷിക്കപ്പെട്ടില്ല എന്നതു വ്യക്തം. കർത്താവ് ഏതൊരാളെ രക്ഷിക്കുന്നുവോ അയാളെ തൻെറ സഭയോടു ചേർക്കുന്നു.

അതുപോലെ മറെറാന്നു തെററായി അതിൽ പ്രതിപാദിച്ചിരിക്കുന്നതു ദൈവ രാജ്യത്തെ കുറിച്ചാണ്. ക്രിസ്തു വീണ്ടും വരുന്നതു ഭൂമിയിൽ ആയിരം ആണ്ടു വാഴുന്നതിനാണ് വരുന്നതെന്ന് തെററിദ്ധരിച്ചിരിക്കയാണ്. ക്രിസ്തുവിൻെറ രാജ്യവും സഭയും ഒന്നു തന്നെയാണ്. വെവ്വേറെ വാക്കുകൾ ഉപയോഗിച്ചിരിക്കുന്ന ഏക സ്ഥാപനമാണ്. രാജ്യമാകുന്ന സഭ അവൻ പണിതതു പ്രവൃത്തി രണ്ടാം അദ്ധ്യായത്തിൽ നാം വായിക്കുന്നു (മർക്കൊസ് 9:1). രാജ്യം ഇല്ലാത്തവനെ രാജാവ് എന്നു പറയുന്നതിൽ അർത്ഥമില്ലല്ലൊ. അവൻ കർത്താധി കർത്താവും രാജാധിരാജാവും ആണ്. ക്രിസ്തു വീണ്ടും വരുമ്പോൾ ഈ രാജ്യം പിതാവിനു ഏല്പിച്ചു കൊടുക്കയാണ് ചെയ്യുന്നതു (1 കൊരിന്ത്യർ 15:23-24). ദൈവ വചനത്തെ കുറിച്ചു ശരിയായ അറിവില്ലാത്തവർ ആളുകളെ കലക്കി കളഞ്ഞിരിക്കയാണ് ഇന്ന്.

ഈ എഴുത്തുകാരൻ, ചർച്ച് ഓഫ് ക്രൈസ്ററ് എന്നതു വളരെ പ്രാവശ്യം ആ ലഘുലേഖയിൽ പറഞ്ഞിട്ടുണ്ട്. നാം ക്രിസ്തുവിൻെറ സഭ എന്നു വിളിക്കുന്നതു അയാൾക്ക് ഇഷ്ടമല്ലെന്നു തോന്നുന്നു. ഒരിക്കൽ പൌലൊസ് ക്രിസ്തുവിൻെറ സഭകൾ എന്നു പറഞ്ഞതിനോടു യോജിക്കുന്നതായി അയാൾ സമ്മതിക്കുന്നു. എന്നാൽ പൌലൊസ് കൂടുതൽ പ്രാവശ്യവും ദൈവ സഭയ്ക്കാണ് പൌലൊസ് എഴുതിയതു എന്നാണ് അയാളുടെ വാദം. ദൈവത്തിനുള്ളതു ക്രിസ്തുവിനും, ക്രിസ്തുവിനുള്ളതു ദൈവത്തിനും ആണെന്നുള്ള കാര്യം നമ്മുടെ ഈ സുഹൃത്തിനു അറിഞ്ഞു കൂടായിരിക്കും. ബൈബിളിൽ സഭയെ

ക്രിസ്തുവിൻെറ ശരീരമായും ദൈവത്തിൻെറ ഭവനമായും ആദ്യ ജാതന്മാരുടെ സഭ എന്നു തുടങ്ങി ധാരാളം പേരുകളിൽ അറിയപ്പെടുന്നുണ്ട്. എന്നാൽ ഈ സുഹൃത്തിൻെറ സഭയെ കുറിച്ചോ മററു നാമധേയ വിഭാഗങ്ങളെ കുറിച്ചോ ബൈബിളിൽ പറയുന്നതേയില്ല. ബൈബിളിൽ കൊരിന്തിലുള്ള സഭ, എഫെസൊസിലുള്ള സഭ എന്നെല്ലാം പറയുന്നു. അവിടെയുള്ള കർത്താവിൻെറ സഭയെയാണ് അങ്ങനെ പറഞ്ഞിരിക്കുന്നതു. ക്രിസ്തുവിൻെറ നാമം പോലും ധരിക്കാത്ത നാമധേയ വിഭാഗത്തിലുള്ള ആളുകളാണ് ക്രിസ്തുവിൻെറ സഭയെ എതിർക്കുന്നതു. എത്ര ലജ്ജാവഹം!

ഈ ചെറിയ പുസ്തകത്തിൽ ഏതാണ്ടു നൂറോളം പേജുകൾ അയാൾ, തെററായ ഉപദേശങ്ങൾ കുത്തി നിറച്ചിരിക്കയാണ്. ഈ മനുഷ്യൻ എന്നെങ്കിലും സത്യത്തിൻെറ പരിജ്ഞാനത്തിലേക്കു വരുമോ എന്നു ഞാൻ സംശയിക്കുന്നു. കാരണം അയാൾ തൻെറ ആയുഷ്കാലം മുഴുവൻ തെററു പഠിപ്പിച്ച് പരിശീലിച്ചിരിക്കയാണ്. മാററുവാൻ കഴിയാത്ത വിധത്തിൽ അയാൾ തെററിൽ മുഴുകിയിരിക്കയാണ്. അയാൾ തൻെറ മനസിനെ, ദുരുപദേശത്തിൻെറ വഞ്ചനയാൽ ആളുകളുടെ ഹൃദയങ്ങളെ നാശത്തിലേക്ക് നയിക്കുകയാണ് (റോമർ 16:17,18). സാധുക്കളായ വായനക്കാരെ തെററിദ്ധരിപ്പിക്കുന്ന ഇത്തരം എഴുത്തുകൾ ദൈവത്തോട് ആത്മാർത്ഥതയുള്ളവർ പരിശോധിച്ച് ത്യജിച്ചുകളയും.

ഇങ്ങനെ ഞാൻ എഴുതുവാൻ കാരണം അയാൾക്കുള്ള മറുപടിയായിട്ടു മാത്രമല്ല തുറന്ന മനസോടെ ദൈവ വചനം വായിക്കുന്ന എല്ലാവർക്കും പ്രയോജനപ്പെടുവാൻ വേണ്ടിയാണ്. ഈ മനുഷ്യൻ എഴുതിയതിനെ മറന്നു ഞാൻ പറഞ്ഞതിനെ വിട്ടുകളഞ്ഞു തിരുവെഴുത്തിനെ മാത്രം തുറന്ന ഹൃദയത്തോടെ വായിച്ചു ഗ്രഹിച്ച്, വിശ്വസിച്ച് അനുസരിക്കുവാനാണ് ഞാൻ അപേക്ഷിക്കുന്നതു.

★

# ദാനിയേലിന്റെ ധൈര്യം

## ജോണി രാംസെ

ലോക ചരിത്രത്തിൽ അനേകം ധൈര്യശാലികൾ ഉണ്ടായിരുന്നതായി നാം വായിക്കുകയും മനസിലാക്കുകയും ചെയ്യുന്നുണ്ട്. എല്ലാവർക്കും ഉണ്ടാകത്തക്കതും എന്നാൽ അനിവാര്യവുമായ ഒന്നാണ് ധൈര്യം. ഭീരുത്വം ഭയം നിമിത്തമാണ് ഉണ്ടാകുന്നതു. എന്നാൽ ധൈര്യം വിശ്വാസത്തിൽ നിന്നാണ് രൂപപ്പെടുന്നതു. വിശുദ്ധ വേദ പുസ്തകത്തിൽ ചരിത്ര പുരുഷന്മാരെ എടുത്താൽ അവരിൽ ചിലർ അസാമാന്യ ധൈര്യശാലികൾ ആയിരുന്നു എന്നു കാണാം. അവർക്കു ധൈര്യം പകർന്നതു എന്തുകൊണ്ട്? അവർക്കു ജന്മനാ ലഭിച്ച സിദ്ധിയാണോ? പലർക്കും ഇങ്ങനെയുള്ള സ്വഭാവങ്ങളെ കുറിച്ച് വ്യത്യസ്ഥ അഭിപ്രായങ്ങൾ കണ്ടേക്കാം. പക്ഷെ ദൈവം തന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യം നമ്മെയും നമ്മുടെ ബുദ്ധിയേയും ഉണർത്തും.

ദാനിയേലിന്റെ ജീവിതത്തിൽ ദൈവ വിശ്വാസത്തിലുള്ള സ്ഥാനം ഇദം പ്രഥമമായിരുന്നു. അവന്റെ ആത്മീയ ശക്തിയും വിശ്വാസ വീര്യവും പരിശോധിച്ചാൽ അതിന്റെ മാഹാത്മ്യം നമുക്കു ഗ്രഹിക്കാം. ഉറപ്പുള്ളതും കുലുങ്ങാത്തതുമായ വിശ്വാസം അവനിൽ ഉണ്ടാകുവാനുള്ള കാരണം ശ്രദ്ധിക്കുക. ദൈവ ദർശനം ലഭിക്കുകയും അവൻ ദൈവത്തിന്റെ ശബ്ദം കേൾക്കയും ചെയ്തു. ദൈവം അവനോടു പറഞ്ഞതു: ദാനിയേലേ നീ ഭയപ്പെടേണ്ട. നീ നിന്റെ ദൈവത്തിന്റെ മുൻപാകെ നിന്നെത്തന്നെ താഴ്ത്തിയ ദിവസം മുതൽ നിന്റെ വാക്ക് ഞാൻ കേട്ടിരിക്കുന്നു. നോക്കുക-ദൈവം അവനെ ഉത്തേജിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ്. ഏതൊരാൾക്കും മനോവീര്യം പകരുന്ന സന്ദർഭങ്ങൾ ഉണ്ടാകും. ഭൗതികമായി ഉണ്ടാകുന്ന ഇത്തരം സാഹചര്യങ്ങൾ ക്ഷണികങ്ങളാണ്.

ദൈവത്തോടുള്ള ബന്ധം അയയുമ്പോഴും നമ്മുടെ ധൈര്യവും ചോർന്നു പോകും. നമ്മുടെ ഏതൊരവസരത്തിലും താങ്ങുവാനും സഹായിക്കുവാനും ആളുണ്ടെങ്കിൽ പ്രശ്നമില്ല. ദാനിയേലിന്റെ ജീവിതത്തിൽ നേരിടുന്ന പ്രതിസന്ധികളും അനവധിയാണ്. രാജകീയ ഭോജനം കഴിച്ച് സുഖലോലുപനായി കഴിയാൻ അവസരം കിട്ടിയപ്പോഴും അതു തന്റെ ആത്മീയ മൂല്യത്തെ ബാധിക്കും എന്നറിഞ്ഞ് അവൻ അതു ഒഴിവാക്കി. അതായിരുന്നു ആരംഭം. പിന്നീട് രാജാവുണ്ടാക്കിയ ബിംബത്തെ നമസ്കരിക്കാതിരിക്കുക എന്ന ധീരമായ നിലപാട് അവൻ സ്വീകരിച്ചു. അതിനു ലഭിച്ച ശിക്ഷ അവൻ സ്വീകരിച്ചു. പക്ഷേ ദാനിയേലിനെ അഗ്നിയിൽ നിന്നും സിംഹങ്ങളുടെ കൂട്ടിൽ നിന്നും ദൈവം വിടുവിച്ചു. ദൈവ ശക്തിയിൽ പൂർണ്ണ വിശ്വാസം ഉണ്ടായിരുന്നു. വാഗ്ദാനങ്ങൾ പാലിക്കുന്നവനാണ് ദൈവം എന്ന കാര്യത്തിൽ സംശയിക്കേണ്ട കാര്യമില്ല. തന്റെ ആത്മാവിനെ നഷ്ടമാക്കുന്ന ഒരു ഉത്കർഷേച്ഛയായിരുന്നില്ല അവനുണ്ടായിരുന്നതു ബുദ്ധിയുള്ളവർ ആത്മാക്കളെ നേടും എന്ന ശലോമോന്റെ പ്രസ്താവന ഇതിൽ നിറവേറുന്നു (സദൃശവാക്യങ്ങൾ 11:30). മാനുഷിക നീതിയെ തള്ളിക്കളഞ്ഞ് ദൈവ നീതിയിൽ ഉറച്ച് നില്ക്കുവാനുള്ള കാര്യത്തിന്റെ മാതൃകയാണ് ദാനിയേൽ നമുക്ക് കാണിച്ചു തന്നിരിക്കുന്നതു.

ആത്മീയമായി ഇന്നു പലരും ഭീരുത്വം കൊണ്ടോ ഭയം കൊണ്ടോ നിദ്രയിലാണ്. എല്ലാവരും ഉണരേണ്ട സമയമാണ് ഇപ്പോൾ. കാരണം രാത്രിയാണല്ലോ ഉറങ്ങുവാനുള്ള സമയം. ക്രിസ്ത്യാനികളായി തീർന്നവർ പകലിനുള്ളവരാണ്. തെറ്റായ വഴി വിട്ടുകളയുവാനും ശരിയായി തിരിഞ്ഞ് സത്യത്തെ പിൻതുടരുവാനും ധൈര്യം ആർജ്ജിക്കണം. ഭൗതികമായ ചില കാര്യങ്ങളിൽ അസാമാന്യ സാഹസം പ്രവർത്തിക്കുന്നവരുണ്ട്. പക്ഷേ ആത്മീയമായി സത്യത്തെ കൈക്കൊള്ളുവാൻ ഇവരിലും ഭൂരിഭാഗം പേരും മുന്നോട്ടു വരുന്നില്ല. മനുഷ്യരെ അവർ ഭയപ്പെടു

ന്നതു കൊണ്ടാകാം. മനുഷ്യൻ സമൂഹ ജീവിയല്ലേ? സമൂഹത്തിൽ നമുക്കു ജീവിക്കേണ്ടേ എന്ന ധാരണയാണ് അവർക്കുള്ളതു. പക്ഷെ അവർക്കു അതുകൊണ്ടുണ്ടാകുന്ന നഷ്ടം എത്ര വലുതാണ് എന്ന് അവർ മനസ്സിലാക്കുന്നില്ല. ഭീരുക്കളെ ദൈവത്തിനു ഇഷ്ടമല്ല എന്നു മാത്രമല്ല അവരെ ദൈവത്തിനു വെറുപ്പുമാണ്. പ്രത്യേകിച്ച് ദൈവിക കാര്യങ്ങളിൽ അവർ ഭീരുത്വം പ്രകടിപ്പിക്കുമ്പോഴാം. ദൈവ നീതി പ്രവർത്തിക്കുന്നതിനു ധൈര്യം കാണിച്ച ദാനിയേലിന്റെ സ്വഭാവം നമുക്കു കാണിച്ചു തന്നിരിക്കുന്നതു ഉത്തമമായ ഒരു ദൃഷ്ടാന്തമാണ്.

പാപത്തിൽ മരിച്ചവരാണ് നിദ്രയിലായിരിക്കുന്നവർ. പാപത്തിന്റെ ശമ്പളം മരണമാണല്ലൊ. കുറ്റം ചെയ്യുന്നവർക്കാണ് ഭയപ്പാട് ഉണ്ടാകുന്നതു. കുറ്റാരോപണം മനസാക്ഷിയിൽ കിടക്കുന്ന കാലത്തോളം അവർക്ക് ഉണർന്നു പ്രവർത്തിക്കാൻ കഴിയുന്നതല്ല. അവരെ നിഷ്ക്രിയരാക്കും. ഉന്മേഷവും ഊർജ്ജവും നഷ്ടപ്പെടും. ഇതു ശിക്ഷയെ കുറിച്ചുള്ള ചിന്ത നില നില്ക്കുന്നതുകൊണ്ടാണ്. പരിഹാരം ദൈവം അരുളിച്ചെയ്തിട്ടുണ്ട്. അതനുസരിക്കയാണ് പ്രതിവിധി. ആത്മിയ മന്ദതയിൽ കഴിയുന്നവരെ ജീവിപ്പിക്കാൻ കഴിയുന്നതു യേശുക്രിസ്തുവിനു മാത്രം. അവർ ഉണരേണ്ടതു നീതിക്കായിട്ടാണ്. മനുഷ്യരുടെ എല്ലാവരുടേയും പാപത്തിനും മരണത്തിനും കാരണമായതു ഏകന്റെ ലംഘനമാണ്. അതുകൊണ്ട് ദൈവനീതി നിർവ്വഹിക്കുന്നതു ഏകന്റെ മരണത്താൽ എല്ലാവരേയും ജീവിപ്പിക്കുന്നതിലൂടെയാണ് (എഫെസ്യർ 2:1).

ഇപ്പോഴും ഉണരുവാനും ജീവിക്കുവാനും ഉള്ള അവസരം ഉണ്ട്. അതു നഷ്ടമാക്കിയാൽ പിന്നീട് ആഗ്രഹിച്ചാലും അതു കിട്ടി എന്നു വരികയില്ല. അവസാനം ഉയിർത്തെഴുന്നേല്ക്കുന്നതു ശാരീരിക ജീവിതത്തിൽ ചെയ്ത പ്രവർത്തികൾക്കു തക്ക ഫലം അനുഭവിക്കാനാണ് (യോഹന്നാൻ 5:28-29). മരണത്തെയും പാതാളത്തെയും ജയിക്കുവാനുള്ള ശക്തി യേശുവിനുണ്ടെന്നു യേശുവിന്റെ ഉയിർപ്പിൽ തെ

ളിയിച്ചു. അന്നു മരിച്ചവരിൽ ചിലർ ജീവനോടെ എഴുന്നേററു പട്ടണത്തിൽ കൂടെ നടന്നുപോയി (മത്തായി 27:51). ഭാവിയിൽ ഒരുനാൾ ഭൂമിയിൽ ജീവിച്ചു മരിച്ചവർ എല്ലാവരും അവൻെറ ന്യായാസനത്തിനു മുൻപാകെ നില്ക്കേണ്ടി വരും (എബ്രായർ 12:23). മരണത്തെ ജയിച്ച യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചവർ, അവൻെറ കല്പനകൾ അനുസരിച്ച് മരണത്തോളം ജീവിച്ചവർക്കു ഭയപ്പെടാനില്ല. അവർക്കു നിത്യ ജീവൻ നല്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട് (1 കൊരിന്ത്യർ 15:54-57). ലോകത്തിൽ നിഷേധിക്കാനാവാത്ത തെളിവുകൾ തന്നിരിക്കുന്ന കർത്താവിൽ നമ്മുടെ വിശ്വാസം ഉറപ്പിക്കാം.

ദൈവരക്ഷയുടെ ഉറപ്പും മാഹാത്മ്യവും മനസിലാക്കിയ ദാനിയേൽ അതു മുൻകൂട്ടി അറിയിച്ചിരുന്നു (1 പത്രോസ് 1:10-12). അവൻെറ ധീരമായ വിശ്വസ്തതക്കും മാതൃകക്കും നാം അവനോടു കടപ്പെട്ടിരിക്കുന്നു. നാമും അതുപോലെ ദൈവത്തിൻെറ പരമാധികാരത്തെ മാനിച്ച് ഹൃദയത്തിൽ വിശ്വാസം നിർണ്ണയിച്ച് ഉറപ്പിക്കുക. ദൈവ കാരുണ്യത്താലുള്ള രക്ഷ സ്വീകരിക്കുവാൻ ആദ്യമായി 3000 പേർ ധൈര്യം കാണിച്ചു. അവർ ദൈവത്തെ അനുസരിക്കുവാൻ ഭയപ്പെട്ടില്ല (പ്രവൃത്തി 2:4). മനുഷ്യരെ ഭയപ്പെട്ടു മനുഷ്യ കല്പനകൾ അനുസരിക്കുന്നവരെ ദൈവത്തിനിഷ്ടമല്ല. ദൈവത്തെ ഭയപ്പെട്ടു ദൈവ കല്പന അനുസരിക്കുവാൻ തയ്യാറാവുക. സമ്മർദ്ദങ്ങളേയും പ്രതിബന്ധങ്ങളെയും അതിജീവിക്കാൻ ധൈര്യം കാണിക്കുക. അങ്ങനെ ചെയ്താൽ ന്യായവിധി നാളിൽ ദൈവ മുൻപാകെ ലജ്ജിക്കേണ്ടി വരികയില്ല. ഈ മനുഷ്യരെയും സമുദായങ്ങളെയും വാഴുന്ന ദൈവത്തിൽ നിങ്ങൾക്കു വിശ്വാസമുണ്ടെങ്കിൽ എല്ലാ എതിർപ്പുകളെയും അവഗണിച്ചു കൊണ്ട് ആത്മ രക്ഷക്കായി ദൈവം കല്പിച്ചിട്ടുള്ള കല്പനകൾ അനുസരിക്കുക.

★

# സ്വർഗത്തെ പറ്റി എന്നോടു പറയുക

## ബെറ്റി ചോട്ട്

''എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും'' (യോഹന്നാൻ 14:2-3).

മേരിയുടെ അമ്മ ദീർഘ നാളത്തെ രോഗം കൊണ്ടു മരിച്ചു. ശവസംസ്ക്കാരമെല്ലാം കഴിഞ്ഞു കുടുംബാംഗങ്ങൾ എല്ലാവരും വീട്ടിലേക്കു മടങ്ങി വന്നു. മേരിയുടെ കണ്ണുകളിൽ നിന്നു ഒലിച്ചിറങ്ങിയ കണ്ണുനീർ പാടുകൾ മാഞ്ഞിട്ടില്ല. എല്ലാവരുടേയും മുഖത്തു ദുഃഖത്തിന്റെ കരിനിഴൽ വ്യാപിച്ചിരിക്കുന്നു. കൊച്ചു മക്കൾക്കു അവരുടെ വല്യമ്മ ഇനി ഒരിക്കലും തിരിച്ചു വരികയില്ല എന്ന ചിന്ത മായ്ക്കാൻ പററുന്നില്ല. മകൻ ജെയിംസ് അമ്മയെ കെട്ടിപ്പിടിച്ച് കരച്ചിൽ അടക്കുവാൻ പറഞ്ഞു.

മേരിയുടെ കണ്ണിൽ നിന്നു കണ്ണുനീർ വീണുകൊണ്ടിരുന്നു. എങ്കിലും അവൾ പുഞ്ചിരിച്ചുകൊണ്ടു പ്രതിവചിച്ചു. ''ജെയിംസേ, അമ്മ നമ്മെ വിട്ടു പോയതു നമുക്കു ഒരു വലിയ നഷ്ടമായതുകൊണ്ടാണ് ഞാൻ കരഞ്ഞു പോയതു. ലോകം അവർക്കു വേദനയും മുറിവുകളും നല്കിയതുകൊണ്ടു അവർക്കു ലോകം വിട്ടു പോകേണ്ടി വന്നു. അവർക്കു മരിക്കാൻ ഭയമില്ലായിരുന്നു. കാരണം അവർ ക്രിസ്ത്യാനിയായി തീർന്നിരുന്നു. അതുകൊണ്ടു

ക്രിസ്തുവിലുള്ളവർ മരിച്ചാൽ, മരണശേഷം ദൈവത്തോടുകൂടെ എന്നേക്കും ആയിരിക്കും എന്നതു പ്രത്യാശയുള്ള വാക്കുന്നു.

ജെയിംസ് അവന്റെ അമ്മയുടെ ചൂടുള്ള ശരീരത്തോടു കൂടുതൽ പററിച്ചേർന്നു കൊണ്ടു അമ്മയോടു ചോദിച്ചു. സ്വർഗ്ഗത്തെ പററി എന്നോടു പറയുമോ അമ്മേ? ഒരു ദിവസം നമ്മൾ എല്ലാവരും അവിടെ പോകുമോ?

മൂററു മക്കളായ ആൻറണിയും അസീമയും തറയിൽ അമ്മയുടെ കാൽക്കൽ അടുത്തു വന്നു ഉത്തരത്തിനായി കാതു കൂർപ്പിച്ചിരുന്നു. അവർ പറഞ്ഞു, ജെയിംസേ നിനക്കറിയാമോ ആദാമിന്റേയും ഹവ്വയുടേയും കഥ? ദൈവം അവർക്കു എല്ലാം തികഞ്ഞ ഭൂമിയാണ് കൊടുത്തതു. അവിടെ അവർക്ക് ഒന്നിനും മുട്ടില്ലായിരുന്നു. അവർക്കു രോഗമോ വേദനയോ മരണമോ ഉണ്ടായിരുന്നില്ല. ദൈവം ഒരു സ്നേഹിതനെ പോലെ മുഖാമുഖമായി അവരെ കണ്ടു അവരോടൊപ്പം സഞ്ചരിച്ചിരുന്നു.

പക്ഷെ സാത്താൻ ഇടക്കു വരികയും ആദാമിനെയും ഹവ്വയെയും പാപത്തിനു പ്രേരിപ്പിക്കയും ചെയ്തു. അക്കാരണത്താൽ ദൈവം അവരെ തോട്ടത്തിൽ നിന്നു പുറത്താക്കി. എന്തിനേറെ മനുഷ്യരും പിശാചും ഭൂമിയും ശപിക്കപ്പെട്ടു. ഈ പാപത്തിന്റേയും ശാപത്തിന്റേയും പിടിയിൽ നിന്നു മോചനത്തിനായി സൃഷ്ടി മായക്കു കീഴ്പ്പെട്ടിരിക്കുന്നു എന്നു അപ്പൊസ്തലനായ പൌലൊസ് രേഖപ്പെടുത്തിയിരിക്കുന്നു (റോമർ 8:19-23). പാപം ചെയ്തശേഷം, ദൈവം ആദാമിനോടു പറഞ്ഞതു: നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു (ഉല്പത്തി 3:17). അതുകൊണ്ടു പ്രകൃതിയിൽ ധാരാളം അനിഷ്ട സംഭവങ്ങൾ അനുഭവപ്പെടുന്നു. വരൾച്ച, കൊടുങ്കാററ്, ഭൂകമ്പം, ജലപ്രളയം, കൃമികളും കീടങ്ങളും, കളകളും മുള്ളുകളും വിളവു ഞെരുക്കി കളയുന്നു. ദൈവം ഇതൊന്നും വരു

ത്തുവാൻ ആരംഭത്തിൽ ആഗ്രഹിച്ചതല്ല. പാപത്തിൻെറ ശിക്ഷയായിട്ടാണ് ഇവയെല്ലാം വന്നതു.

എന്നാൽ തന്നെ സ്നേഹിക്കയും അനുസരിക്കയും ചെയ്യുന്ന തൻെറ കുടുംബത്തിനു വസിപ്പാൻ സ്ഥലം ഒരുക്കാൻ പോകുന്നു എന്നാണ് കർത്താവു പറഞ്ഞതു. അവൻ പോകുന്നു എങ്കിലും വീണ്ടും വന്നു നമ്മെ ചേർത്തുകൊള്ളും എന്നു യേശു ശിഷ്യന്മാരോടു വാഗ്ദാനം ചെയ്തു. അങ്ങനെ പറഞ്ഞു പോയിട്ട് അനേക വർഷങ്ങൾ കഴിഞ്ഞതുകൊണ്ടു ചില ആളുകൾ അവനെ സംശയിക്കുന്നുണ്ട്. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തൻെറ വാഗ്ദാനം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു (2 പത്രൊസ് 3:9-10).

അവനിൽ പ്രത്യാശ വെച്ചിരിക്കുന്ന നാം നീതി വസിക്കുന്ന അവൻെറ പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി കാത്തിരിക്കുന്നു.

ഈ ഭൂമി പാപം നിമിത്തം ശാപഗ്രസ്ഥമായി തീർന്നതുകൊണ്ടു നാം ഇവിടെ കഷ്ടത അനുഭവിക്കുന്നു. ആകയാൽ യേശുക്രിസ്തു ഈ ഭൂമിയെ മാററി നമുക്കു പുതിയൊരു ഭൂമി നല്കി അവിടെ എന്നേക്കും ദൈവവുമായി വസിക്കാൻ അവസരം ഒരുക്കും.

വെളിപ്പാട് പുസ്തകം 21-ാം അദ്ധ്യായത്തിൽ അപ്പൊസ്തലനായിരുന്ന യോഹന്നാൻ ആ പുതിയ സ്ഥലത്തെ ദർശിക്കയും നമുക്കു വേണ്ടി വിവരിക്കയും ചെയ്തിട്ടുണ്ട്. "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞു പോയി. സമുദ്രവും ഇനി ഇല്ല. പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി അലങ്കരിച്ചി

ട്ടുള്ള മണവാട്ടിയെ പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു, ദൈവ സന്നിധിയിൽ നിന്നു തന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു" വെളിപ്പാട് 21:1-2). ഇതാ മനുഷ്യനോടു കൂടെ ദൈവത്തിൻെറ കൂടാരം; അവൻ അവരോടുകൂടെ ഇരിക്കും.

അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചു കളയും. ഇനി മരണം ഉണ്ടായിരിക്കയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല.

അപ്പോൾ സ്വർഗ്ഗമെന്നതു നമ്മൾ എല്ലാവരും പോയി ദൈവത്തോടു കൂടെ വസിക്കുന്ന ഒരു യഥാർത്ഥ സ്ഥലമാണോ? ജെയിംസ് ചോദിച്ചു.

''അതെ'' എന്നു മേരി മറുപടി പറഞ്ഞു. ആ മനോഹര സ്ഥലത്തിൻെറ സവിശേഷത യോഹന്നാൻ നേരിട്ടു കണ്ടു നമ്മെ അറിയിക്കുകയാണ്. അതു മനസിലാക്കിയാൽ നമുക്കും അവിടെ പോകണമെന്ന ആഗ്രഹം ജനിക്കും.

''സ്വർഗ്ഗത്തെ കുറിച്ച് വേറെ എന്താണ് ദൈവം പറഞ്ഞിട്ടുള്ളത''? അസീമ അമ്മയോടു ചോദിച്ചു. അവിടെ ജീവ നീരുറവയും ദൈവത്തിൻേറയും കുഞ്ഞാടിൻേറയും സിംഹാസനത്തിൽ നിന്നാണ് അതു ഒഴുകുന്നതു. ''ആരാണീകുഞ്ഞാട്'' ആൻറണി ചോദിച്ചു. യേശുക്രിസ്തുവാണ് കുഞ്ഞാട്. കാരണം അവൻ ലോകത്തിൻെറ പാപം വഹിച്ചുകൊണ്ടു കുഞ്ഞാടിനെ പോലെ യാഗം അർപ്പിക്കപ്പെട്ടു. ''നീ പറഞ്ഞതു ശരിയാണ്'' മേരി സമ്മതിച്ചു.

യേശു നമുക്കു വേണ്ടി ചെയ്തതു മനസിലാക്കിയതു കൊണ്ടു ഞാൻ നിങ്ങളെ അനുമോദിക്കുന്നു. ജീവ ജല നദിയുടെ മദ്ധ്യത്തിലും ഇരുകരയിലും ജീവ വൃക്ഷവുമുണ്ട്. ഏദെൻ തോട്ടത്തിൽ ഉണ്ടായിരുന്ന അതേ ജീവ വൃക്ഷം തന്നെ. ബൈബിളിലെ ആദ്യത്തെ പുസ്തകത്തിലും അവസാനത്തെ പുസ്തകത്തിലും അതു രേഖപ്പെടുത്തിയിരിക്കുന്നു.

★

# മാതൃകാ പ്രാർത്ഥന

ജി. E.W

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

3. രാജ്യത്തിൻെറ വ്യാപ്തിക്കായി പ്രാർത്ഥിക്കുന്നു. 4. ദൈവത്തിൻെറ ഇഷ്ടം നടക്കേണ്ടതിനു പ്രാർത്ഥിക്കുന്നു. 5. അന്നന്നു വേണ്ട ആഹാരത്തിനായി പ്രാർത്ഥിക്കുന്നു. 6. ക്ഷമായാചന അർപ്പിക്കുന്നു. 7. ദുഷ്ടനിൽ നിന്നു വിടുവിക്കേണ്ടതിനു പ്രാർത്ഥിക്കുന്നു. 8. യേശുക്രിസ്തുവിൻെറ നാമത്തിൽ പ്രാർത്ഥിക്കുന്നു. 10. അവസാനം ആമേൻ പറയുക.

**ഉള്ളടക്കം**

നമ്മുടെ പിതാവ് സ്വർഗ്ഗത്തിൽ ഇരിക്കുന്നു. ആകയാൽ സ്വർഗ്ഗസ്ഥനായ പിതാവേ എന്നു വിളിച്ചുകൊണ്ടു ആരംഭിക്കുന്നു. അവൻ നമ്മുടെ കർത്താവും ദൈവവുമാണ്. അതുകൊണ്ടു നാം ഈ രീതിയിൽ അവനെ സംബോധന ചെയ്യുന്നു (പ്രവൃത്തി 4:24). എന്നാൽ ഒരാൾ ക്രിസ്തുവിനെ അനുഗമിക്കുന്നതു മുതൽ ആ ബന്ധത്തിനു ആഴമേറിയ സ്ഥാനം ലഭിക്കുന്നു. കാൺമീൻ നാം ദൈവ മക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്ക കൊണ്ടു നമ്മേയും അറിയുന്നില്ല. പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവ മക്കൾ ആകുന്നു. നാം ഇന്നതു ആകുമെന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നെ കാണുന്നതാക കൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു (1 യോഹന്നാൻ 3:1-3). ഭൗതികമായ അർത്ഥത്തിൽ നോക്കിയാലും ദൈവത്തെ നാം പിതാവെന്നു വിളിക്കുമ്പോൾ അതു ആദരവ് സൂചിപ്പിക്കുന്നു. ആത്മികമായി

ഭൂമിയിൽ ദൈവത്തെയല്ലാതെ ആരെയും പിതാവെന്നു വിളിക്കരുത് (മത്തായി 23:9). ദൈവത്തിനു തുല്യമായ സ്ഥാനം മനുഷ്യർക്കു കൊടുത്തു കൊണ്ടു അവരെ മെത്രാൻ എന്നും ബാവ എന്നും തിരുമേനി എന്നുമൊക്കെ വിളിക്കുന്നതു അവിവേകമാണ്.

## പിതാവിന്റെ നാമത്തെ ബഹുമാനിക്കുക.

ദൈവ നാമം പരിശുദ്ധമാണ്. "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടട്ടെ" എന്നു പ്രാർത്ഥിക്കുന്നതു കൊണ്ടു ഉദ്ദേശിക്കുന്നതു ദൈവാധികാരം എപ്പോഴും വിശുദ്ധമാണ് എന്നത്രെ, ദൈവത്തിന്റെ പ്രത്യേക ദൂതന്മാർ എപ്പോഴും ദൈവത്തെ ബഹുമാനിക്കയും ആദരിക്കയും ചെയ്യുന്നു. "നാലു ജീവികളും ഓരോന്നിനു ആറാറു ചിറകുള്ളതായി ചുററിലും അകത്തും കണ്ണു നിറഞ്ഞിരിക്കുന്നു. ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വ ശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു അവർ രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു (വെളിപ്പാട് 4:8). നെഹെമ്യാ പ്രവാചകന്റെ കാലത്ത് ലേവ്യർ ദൈവത്തെ വിളിച്ചതു എങ്ങനെ എന്നു അറിയേണ്ടേ? "സകല പ്രശംസക്കും സ്തുതിക്കും മീതെ ഉയർന്നിരിക്കുന്ന നിന്റെ മഹത്വമുള്ള നാമം വാഴ്ത്തപ്പെടുമാറാകട്ടെ (നെഹമ്യാവ് 9:5).

പ്രപഞ്ചത്തെയും പ്രപഞ്ചത്തിലുള്ള സർവ്വത്തെയും ഉണ്ടാക്കിയ നാഥനാണ് നമ്മുടെ ദൈവം. ആകാശത്തിലെ സർവ്വ സൈന്യവും അവനെ നമസ്കരിക്കുന്നു. അവന്റെ അധികാരം ഉയർന്നതാണ്. ദൈവം തന്റെ നാമത്തെ സ്ഥിരപ്പെടുത്തി നമുക്കു വെളിപ്പെടുത്തി തന്നിരിക്കുന്നതു നാം അതു ശരിയായി ഉപയോഗിക്കുന്നതിനാണ്. ദൈവനാമം നാം വൃഥാ ഉപയോഗിക്കരുത്. അങ്ങനെ ചെയ്താൽ നാം ശിക്ഷാർഹരായി തീരും. എത്രത്തോളം നാം അവന്റെ നാമത്തെ ഉയർത്തി കാണിക്കുമോ അത്രത്തോളം നാം ദൈവത്തെ ആദരിക്കുന്നു എന്നു പറയാം.

★

# ദൈവേഷ്ടം

**ബോബി.എൽ**

ദൈവ സൃഷ്ടികളായിരിക്കുന്ന നാം ദൈവത്തിന്റെ ഇഷ്ടം അറിഞ്ഞിരിക്കണം. ദൈവത്തിന്റെ ഹിതം എന്താണെന്നു അറിയുക മാത്രമല്ല അതു ശരിയായി ഗ്രഹിക്കുക തന്നെ വേണം. നാം ഈ അറിവുള്ളവരായി തീർന്നാൽ, ദൈവേഷ്ടം ഗ്രഹിച്ചു കഴിഞ്ഞാൽ ദൈവ ഹിതം അനുസരിക്കുവാനുള്ള ഒരു കീഴ്വഴക്കം നമുക്ക് ഉണ്ടായിരിക്കണം. പലരും ദൈവത്തിന്റെ ഇഷ്ടം എന്തെന്നു തിരിച്ചറിയാറില്ല. അവസരം കിട്ടിയാലും അതിനെ സംശയ ദൃഷ്ടിയോടെ വീക്ഷിക്കും. ദൈവേഷ്ടം വെളിപ്പെടുത്തിയിരിക്കുന്നതു സത്യ വേദ പുസ്തകത്തിലാണ്.

ദൈവഹിതം മനസിലാക്കിയ ഒരാൾക്കു തന്റെ ജീവിതം പഴയതുപോലെ തുടരുവാൻ സാദ്ധ്യമല്ല. കാരണം ദൈവം ഒരു മാററം ആവശ്യപ്പെടുന്നു. നാം മുൻപ് സ്വീകരിച്ച യജമാനനെയും ഇഷ്ടത്തെയും മാറേറണ്ടി വരുന്നു. ഈ ലോകത്തിന്റെ കാഴ്ച്ചപ്പാടിൽ നമ്മുടെ ജീവിതത്തെ നാം നയിച്ചിരുന്ന പഴയ ജീവിതത്തെ മാററുവാനാണ് ആവശ്യപ്പെടുന്നതു. സ്വന്തം ഇച്ഛകളിലും വഴികളിലും ഊന്നിയുള്ള ജീവിതമല്ല ദൈവം ആഗ്രഹിക്കുന്നത് (യിരെമ്യാവ് 10:23; സദൃശവാക്യങ്ങൾ 14:12). പിന്നീട് നമുക്ക് ലോകത്തെയോ പാപത്തെയോ പിൻപററുവാൻ കഴിയുന്നതല്ല. ലോകാനുരൂപമായി ജീവിച്ചിരുന്ന നാം ദൈവാനുരൂപമായി മാററപ്പെടുന്നു (റോമർ 6:16-18). സമൂഹത്തിന്റെ ദൂഷ്ടതയെ നാം ഒരിക്കലും പിന്നീട് നമുക്ക് അനുകരിക്കാവുന്നില്ല (യാക്കോബ് 4:4). തങ്ങൾക്കു ചുററുമുള്ള ലോക രാഷ്ട്രങ്ങളെ നോക്കി അനുകരിക്കയും അനുസരണക്കേടിൽ ജീവിക്കയും ചെയ്ത ഇസ്രായേൽ ജനം ദൈവകോപം എന്തെന്നു രുചിച്ചറിഞ്ഞതു നാം ഒരിക്കലും മറക്കരുതു.

ദൈവഹിതം തിരിച്ചറിയുവാൻ മനസു പുതുക്കണം. മനസിലുള്ള പഴയ ചിന്തകളും നിരൂപണങ്ങളും എല്ലാം മാററിയാലേ ശരിയായ ചിന്തയും വിവേചനവും സാദ്ധ്യമാകയുള്ളു. മുൻപ് എല്ലാവരേയും സംശയ ദൃഷ്ടിയോടെ വീക്ഷിച്ചിരുന്നെങ്കിൽ അതു മാററണം. മുൻപ് എല്ലാം അന്ധമായി വിശ്വസിച്ചിരുന്നെങ്കിൽ അതു മാററണം. നമ്മുടെ തോന്നലുകൾക്കു പ്രാധാന്യം കൊടുത്തിരുന്ന മുൻപിലത്തെ നടപ്പ് വിട്ടുകളയണം. പഴയ യജമാനനെ മാററിയാൽ മാത്രം പോരാ. നമ്മുടെ ജീവിത രീതിയും മാററണം. ദൈവത്തെ പ്രസാദിപ്പിക്കുന്ന വിധം നാം മാറിയിരിക്കണം. പുതിയ കരുതലോടെ വേണം നാം ദൈവഹിതത്തിലേക്കു തിരിയുവാൻ. സ്വന്ത ഇഷ്ടത്തെ മാററിനിർത്തി, ദൈവത്തിൻെറ ഇഷ്ടത്തിന്നായി നമ്മെ തന്നെ ഏല്പിച്ചു കൊടുക്കണം (മത്തായി 26:30). പിന്നെ നാം കൊടുക്കുന്ന മുൻഗണന ലൗകിക കാര്യങ്ങൾക്കായിരിക്കയില്ല. പിന്നെയോ ആത്മിയ കാര്യങ്ങൾക്കായിരിക്കും (മത്തായി 6:33; കൊലൊസ്സ്യർ 1:1-2). സത്യത്തിൻെറ വചനം നമ്മെ രക്ഷിക്കുവാൻ തന്നിരിക്കുന്നതു ദൈവത്തിൻെറ ഇഷ്ടമാണെന്ന് തിരിച്ചറിയുക (യാക്കോബ് 1:18). ദൈവത്തോടുള്ള അനുസരണത്തിനായി നാം ജീവിത രീതിയെ മാററുക. ദൈവേഷ്ടം നമ്മിൽ പുതിയ സ്വഭാവത്തെ രൂപപ്പെടുത്തും (1 യോഹന്നാൻ 3:8-10).

മനസു പുതുക്കുവാൻ ദൈവേഷ്ടം പറയുന്നുണ്ട്. മനസിനെ മാററുവാൻ നാം തയ്യാറാകണം എന്നർത്ഥം (റോമർ 12:2). പാപത്തെ സേവിക്കാതിരിക്കേണ്ടതിന്നും ദൈവത്തെ സേവിക്കേണ്ടതിന്നും മാനസാന്തരം അത്യന്താപേക്ഷിതമാണ്. നമ്മുടെ ബുദ്ധി ഇവിടെ ഉപയോഗിക്കേണ്ടിയിരിക്കുന്നു. പിതാവിൻെറ ഉപദേശം കേട്ടു ഗ്രഹിച്ചു പ്രവർത്തിക്കത്തക്ക രീതിയിലുള്ള മാററമാണ് നമുക്കാവശ്യം (യോഹന്നാൻ 6:24-45).

(ശേഷം അടുത്ത ലക്കത്തിൽ)

★

# വിശ്വാസം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

എന്തിനു സ്നേഹമതുണ്ടെന്നു ചൊല്ലുന്നു,
സ്നേഹമോ എന്നേ തകർന്നുപോയ് കൂട്ടരെ.
കല്ലിലും കാഠിന്യമുള്ള നിൻഹൃത്തടം,
മാററിത്തുടയ്ക്കുവാനെങ്ങനെ ഒക്കുമേ.

കുത്തിപ്പറയുകിൽ ചങ്കുതകരുമേ;
നാഥൻെറ വാക്കുതീ നന്നായറിയുക.
കേട്ടാൽ മതിവരാതുണ്ടായൊരത്ഭം,
കേട്ടവരാരും മറക്കില്ലനിശ്ചയം.

സത്യം പറഞ്ഞാൽ കളവെന്നുചൊല്ലുന്ന,
നെഞ്ചകം പൊട്ടുന്ന വിസ്മയ ലോകത്തിൽ.
ആത്മീയ കൂട്ടരെന്നാർത്തുപുലമ്പുന്ന,
കൊച്ചൊരു കൂട്ടമേ ചിന്തിച്ചു നോക്കുനീ.

ഉള്ളംതുറക്കാതെ കള്ളമുരയ്ക്കുന്ന,
ഭള്ളുരചെയ്യുന്ന വഞ്ചകലോകത്തിൽ.
കൊട്ടുംകുരവയും നേർച്ചയുമെന്തിന്,
മാനസ്സം മാറിയാൽ മതിയല്ലോകൂട്ടരെ.

സ്വർഗ്ഗകവാടം തുറക്കുമേ നിശ്ചയം,
എത്രപേരങ്ങനെ പോകുവാനൊക്കുമേ.
നല്ലപോൽ ചിന്തിച്ചു ജീവിക്കുസോദരാ,
അപ്പോഴറിയുമേ നീതിയും നേർമ്മയും.

★

# ലോകത്തിലെ നല്ല ആളുകൾ

## വെൽഡൻ ലങ്ങ് ഫീൽഡ്

പുതുതായി ക്രിസ്ത്യാനിയായി തീർന്ന ഒരു സ്നേഹിതൻ എന്നോട് ഇന്നു സഹോദരങ്ങൾക്കിടയിൽ ദൈവവേലയുടെ അനാദരവിനെകുറിച്ച് പരാതിപ്പെടുകയുണ്ടായി. എല്ലാ സമയവും ക്രിസ്ത്യാനികളൊത്ത് പ്രവർത്തിക്കാൻ ആഗ്രഹമുണ്ടെങ്കിലും ആരും അതിനു തയ്യാറാകുന്നില്ല എന്നു പരിഭവിക്കുകയാണ് അയാൾ. ചെയ്യേണ്ടതു അദ്ദേഹം പറഞ്ഞതു വാസ്തവമാണ്. എല്ലാ ക്രിസ്ത്യാനികളുടെയും പ്രവർത്തനം അവരെ പാൽപാട പോലെ ഉയർത്തും. കടയുമ്പോൾ പാലിൽ ഉള്ള പാട അങ്ങനെ തന്നെ കിടക്കും. യേശുക്രിസ്തുവിലായി തീർന്നവർ എല്ലാം പ്രയത്നിക്കേണ്ടവരാണ്. യേശുക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ടവർ ആ വിശുദ്ധി ലഭിക്കാത്തവർക്കു അതു അറിയിച്ചു കൊടുക്കണം. വേറൊരു കൂട്ടരാണെങ്കിൽ അവർ അസൂയയിലും, പകയിലും, പിണക്കത്തിലും പരദൂഷണത്തിലും മുഴുകി കഴിയുകയാണ്. അവർക്കു പിന്നെ സുവിശേഷ വേലയ്ക്കു സമയമെവിടെ? നമുക്കറിയാം ആരും പൂർണ്ണരല്ല എന്ന്. പുതിയ നിയമ ലേഖനങ്ങൾ എഴുതുന്ന സമയത്തെ സഭയുടെ സ്വഭാവവും ഇതുപോലെയായിരുന്നു എന്നോർക്കുക.

ബുദ്ധിമുട്ടുകളും പ്രതിസന്ധികളും നേരിടുമ്പോൾ ഇതേ കാര്യങ്ങൾ സംഭവിച്ച ആളുകളുടെ അനുഭവം നമുക്കു പ്രയോജനപ്പെടും. യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ സംഭവിച്ചതു നമുക്കു ദൃഷ്ടാന്തമാണ്. ''ദൂതന്മാരെ സംരക്ഷണം ചെയ്‌വാനല്ല അബ്രഹാമിന്റെ സന്തതിയെ സംരക്ഷണം ചെയ്‌വാനത്രേ കർത്താവ് വന്നതു. അതുകൊണ്ടു ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവ കാര്യത്തിൽ വിശ്വസ്ഥ മഹാ പുരോഹിതനും ആകേണ്ടതിനു സക

ലത്തിലും തൻെറ സഹോദരന്മാരോടു സദൃശ്യമായി തീരുവാൻ ആവശ്യമായിരുന്നു'' (എബ്രായർ 2:16-17). ക്രിസ്തു അന്നത്തെ ലോകത്തിലെ ഏററവും നല്ലവരായ ആളുകളായ യഹൂദന്മാരോടു കൂടെയാണ് വർത്തിച്ചിരുന്നതു. അവർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക ജനമായിരുന്നു. അതുകൊണ്ടു ഈ അവസരത്തിൽ യേശുവിൻെറ അനുഭവം നമ്മെ പഠിപ്പിക്കുന്നതു നമുക്കു കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

ഈ ലോകത്തിലെ നല്ല ആളുകളും യേശുക്രിസ്തുവിൻെറ ഉപദേശം നിമിത്തം അവനെ പ്രതിഷേധിപ്പിക്കേണ്ടവരാണ്. മനസിലാക്കാൻ പ്രയാസമേറിയ സത്യം യേശു വെളിപ്പെടുത്തിയപ്പോൾ പല ശിഷ്യന്മാരും യേശുവിനെ വിട്ടുപോകുന്നുണ്ട്. അന്നു മുതൽ അവൻെറ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി. പിന്നെ അവനോടു കൂടെ സഞ്ചരിച്ചില്ല (യോഹന്നാൻ 6:66). ഗലാത്യർക്കു ലേഖനമെഴുതുമ്പോൾ പൌലൊസ് ചോദിക്കുന്ന ചോദ്യം ശ്രദ്ധിക്കുക ''അങ്ങനെയിരിക്കെ ഞാൻ നിങ്ങളോടു സത്യം പറക കൊണ്ടു ഞാൻ നിങ്ങൾക്കു ശത്രുവായിപ്പോയോ''? (ഗലാത്യർ 4:16). പഴയ നിയമത്തിലെ കല്പനയായ പരിച്ഛേദന ഏല്ക്കുവാൻ ഇടയായവരെ ബന്ധിച്ച് സംസാരിക്കുകയായിരുന്നു അപ്പൊസ്തലൻ. ദൈവ വചനം പ്രമാണിച്ച് നല്ലവരായി തീർന്നവരായിരുന്നു അവർ എങ്കിലും ദുരുപദേശത്തിൻെറ കണിയിൽ അവർ വീണുപോയി.

ചിലർ ദൈവ വചനം കേൾക്കുമ്പോൾ ജീവിതത്തിൽ മാററം വരുത്തേണ്ട ആവശ്യം അവർ മനസിലാക്കുന്നു. വേറെ ഒരുകൂട്ടർ ഈ സന്ദേശം കേൾക്കുമ്പോൾ നീരസപ്പെടുന്നു. ആ വിദ്വേഷം അവർ സൂക്ഷിച്ചു വെച്ച് അവസരം വരുമ്പോൾ അവർ ക്രുദ്ധരായി തീരുന്നു. അതു വിഷമായി പുറത്തു ചാടുകയും ചെയ്യും. അതാണ് യേശുവിനെ ക്രൂശിൽ തറയ്ക്കുന്ന സാഹചര്യത്തിലും നടന്നതു. നുണകൾ, കള്ള സാക്ഷ്യം, ഗൂഢാലോചന, പരിഹാസം,

പീഢനം എന്നിവയ്ക്കുശേഷം ക്രൂശിൽ തറപ്പിക്കാൻ ഏല്പിക്കുന്നു. ഇതാണല്ലോ അന്നത്തെ ഏററവും നല്ല ആളുകൾ ക്രിസ്തുവിനോടു ചെയ്തതു.

ലോക രക്ഷകനായ യേശുവിന്മേൽ അന്നത്തെ നല്ലവരായ ആളുകൾ അവരുടെ സ്വാർത്ഥത അടിച്ചേല്പിക്കുവാൻ ശ്രമിച്ചു. അന്നു മുതൽ യേശു, താൻ യെരുശലേമിൽ ചെന്നിട്ടു മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കയും വേണ്ടതു എന്നു ശിഷ്യന്മാരോടു പ്രസ്താവിച്ചു തുടങ്ങി (മത്തായി 16:21). ആ നാഴികയിൽ ശിഷ്യന്മാർക്കിടയിൽ ഒരു സംശയം ഉണ്ടായി. ദൈവ രാജ്യത്തിൽ ഏററവും വലിയവൻ ആർ എന്നതായിരിക്കും അതു. യേശു അതിനു ഒരു ശിശുവിനെ വിളിച്ചു നിറുത്തി, നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ് വരുന്നില്ലെങ്കിൽ സ്വർഗ്ഗ രാജ്യത്തിൽ കടക്കയില്ല എന്നു പറഞ്ഞു. ശിശുവിനെ പോലെ തന്നെത്താൻ താഴ്ത്തുന്നവരാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതെന്ന സത്യം അവൻ അവരെ പഠിപ്പിച്ചു (മത്തായി 18:1-6).

നല്ലവരായ ആളുകൾ അവർക്കു ഏററവും ആവശ്യമുള്ള സന്ദർഭത്തിലാണ് യേശുവിനെ ഉപേക്ഷിച്ചതു. വേദനയും, ദുരിതവും, വിപത്തും ഏറി വരുമ്പോൾ സ്നേഹിതന്മാർ ആ സമയത്തു വിലപ്പെട്ടതാണ്. മനുഷ്യ പുത്രൻ അങ്ങനെയുള്ള സന്ദർഭത്തിലാണ് വരുന്നതു. മനുഷ്യന്റെ നിസ്സഹായാവസ്ഥയിൽ അവരുടെ ശിക്ഷ ഒഴിവാക്കുവാൻ തയ്യാറായി വന്നിരിക്കുന്ന ഉററ സ്നേഹിതനായിരുന്നു അവൻ. അവന്റെ ക്രൂശിലെ മരണം എത്ര വേദനാ ജനകമായിരുന്നു എന്നു ഓർക്കുക. ലൂക്കൊസ് വിവരിക്കുന്നത് ഈ അവസരത്തിൽ നമുക്കു പ്രയോജനപ്പെടും.

(ശേഷം അടുത്ത ലക്കത്തിൽ)

★

# ക്രൂശിലെ കള്ളൻ

**ഫ്ളവിൽ നിക്കൊൾസ്**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

## കള്ളന്റെ വിശ്വാസം നമ്മെ രക്ഷിക്കുന്നില്ല

കള്ളനു അന്നുണ്ടായിരുന്ന ക്രിസ്തുവിലെ വിശ്വാസം ഇന്നു ആരെയും രക്ഷിക്കുന്നില്ല. അന്നു അവനുണ്ടായിരുന്ന വിശ്വാസം മരിക്കുന്നതിനു മുൻപുള്ള ക്രിസ്തുവിലായിരുന്നു. യേശുക്രിസ്തു പിന്നീടാണ് മരിക്കുന്നതും; തുടർന്നു മൂന്നാം നാളാണ് ഉയിർത്തെഴുന്നേല്ക്കുന്നതും. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലായിരുന്നില്ല അവന്റെ വിശ്വാസം. അവനെ ദൈവം മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചിരിക്കുന്നു എന്നു നാം ഇന്നു വിശ്വസിക്കണം (റോമർ 10:9) അന്നു സംഭവിക്കാത്ത ഒരു കാര്യത്തിൽ ക്രൂശിലെ കള്ളനു എങ്ങനെ വിശ്വസിക്കാൻ കഴിയും? ആ സാഹചര്യം നോക്കിയാൽ അവന്റെ വിശ്വാസം പുതിയ നിയമാനുസരണമായിരുന്നില്ല എന്നു വ്യക്തമാകും. അതുകൊണ്ടു അവന്റെ രക്ഷയും നമ്മുടെ രക്ഷയും തമ്മിൽ ബന്ധമില്ല എന്നതാണ് വാസ്തവം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള വിശ്വാസത്തിന്മേൽ, മാനസാന്തരത്തിന്മേൽ, ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോട് പങ്കു ചേരുന്ന സ്നാനത്താൽ പ്രാപിക്കുന്ന ഒന്നാണ്. ക്രിസ്തു ദൈവ പുത്രനാണെന്നു ഏറ്റു പറയുകയും വേണം.

## മഹത്തായ ആജ്ഞയിൻ കീഴിലും കള്ളൻ പെടുന്നില്ല

മഹത്തായ ആജ്ഞ എന്നതു സുവിശേഷം സർവ്വ ലോകത്തിലും പ്രസംഗിക്കയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനം ഏല്പിക്കയും ചെയ്യണം എന്നതാകുന്നു. യേശു

ക്രിസ്തു പഠിപ്പിച്ച പ്രമാണങ്ങൾ ഒക്കെയും അനുസരിപ്പാൻ തക്കവണ്ണം അവരെ ശിഷ്യരാക്കിക്കൊള്ളുകയും വേണം. ഇതു നല്കിയിട്ടില്ലാത്ത സമയത്താണ് ക്രൂശിലെ കള്ളൻ ജീവിക്കുന്നതു. നമുക്കു വേണ്ടി മരിച്ച യേശു ഉയിർത്തെഴുന്നേററു (1 കൊരിന്ത്യർ 15:1-4). ആ ഉയിർപ്പ് നമ്മുടെ നീതീകരണത്തിനായിരുന്നു (റോമർ 4:25). അന്നുവരെ എല്ലാ അധികാരവും തനിക്ക് ഉണ്ടെന്നു കർത്താവു അരുളിച്ചെയ്തിരുന്നില്ല. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേല്ക്കുവാനും കല്പിക്കുന്നതു അതിനുശേഷമായിരുന്നു. ഈ കല്പന കൊടുക്കുന്നതിനു മുൻപായിരുന്നു ക്രൂശിലെ കള്ളൻ ജീവിച്ചിരുന്നതു. അതുകൊണ്ടു പുതിയ നിയമ കല്പന അവനെ ബാധിക്കുന്നില്ല.

മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേററ കർത്താവിന്റെ പല പ്രത്യക്ഷതയെയും വിവരിക്കുന്ന മർക്കൊസ്, യേശുവിന്റെ കല്പനയെയും സൂചിപ്പിക്കുന്നുണ്ട്. ഒരവസരത്തിൽ യേശു ശിഷ്യന്മാരോട് പറഞ്ഞതു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15-16). ക്രൂശിലെ കള്ളൻ ജീവിച്ചിരുന്നത് ഈ ആജ്ഞ നൽകുന്നതിനു മുൻപായിരുന്നു. അതുകൊണ്ടു അവനെ പുതിയ നിയമ പരിവർത്തനത്തിനു ഒരു മാതൃകയാക്കി എടുക്കാവുന്നതല്ല.

ലൂക്കൊസിന്റെ സുവിശേഷം 23-ാം അദ്ധ്യായത്തിലാണ് കള്ളനെ പററി പറയുന്നതു. 24-ാം അദ്ധ്യായത്തിൽ വരുവാനിരിക്കുന്ന അവന്റെ മരണത്തെ പററി വിവരിക്കുന്നു. ഉയിർത്തെഴുന്നേല്പിനെയും പരാമർശിക്കുന്നുണ്ട്. ഇന്ന് ഒരാൾ ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കണം എന്നു കല്പിച്ചിരിക്കുന്നു (റോമർ 10:9). യേശു

അപ്പൊസ്തലന്മാരോട് പറഞ്ഞതു: ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാാം മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപ മോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു (ലൂക്കൊസ് 24:46-47). അതിനു മുൻപ് ഇത്തരം പ്രസംഗം നടത്തുവാൻ ആവശ്യപ്പെടുന്നില്ല. ഈ കല്പന യെരുശലേമിൽ തുടങ്ങണമെന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ക്രൂശിലെ കള്ളൻ ഈ പരിധിയിൽ വരുന്നുമില്ല.

യോഹന്നാൻ സ്നാപകന്റെ സ്നാനം ആരുടേയും നാമത്തിലായിരുന്നില്ല. മാനസാന്തര സ്നാനം കൊടുത്തിരുന്ന യോഹന്നാൻ യേശുവിനു വഴി ഒരുക്കുവാൻ വന്നവനാണ്. എന്നാൽ സുവിശേഷത്തിൽ പ്രതിപാദിച്ചിരിക്കുന്ന സ്നാനം യേശു ക്രിസ്തുവിന്റെ നാമത്തിലാണ്. അതിന്റെ അർത്ഥമേ യേശുവിന്റെ അധികാരത്തിൽ എന്നതാണ്. സ്നാനം എങ്ങനെ നടത്തുവാനാണ് യേശു അധികാരപ്പെടുത്തിയിരിക്കുന്നതു എന്നതാണ് നാം ചിന്തിക്കേണ്ടതു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വേണം അതു നടത്തുവാൻ.

ഉയിർത്തെഴുന്നേററ കർത്താവ് അപ്പൊസ്തലന്മാരോടു പറയുന്നതു യോഹന്നാൻ വിവരിക്കുന്നുണ്ട്. യേശു പിന്നെയും അവരോടു: നിങ്ങൾക്കു സമാധാനം; പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെ മേൽ ഊതി അവരോടു: പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു (യോഹന്നാൻ 20:21-23). യേശു സ്വർഗാരോഹണം ചെയ്തശേഷം സ്വർഗ്ഗത്തിൽ കെട്ടപ്പെടുകയും

അഴിക്കപ്പെടുകയും ചെയ്യുന്ന രീതിയിൽ പാപങ്ങൾ മോചിച്ചു കൊടുക്കയും നിർത്തുകയും ചെയ്യുന്നതിനു അപ്പൊസ്തലന്മാർക്കു അവന്റെ വചനം നല്കി. പെന്തകൊസ്തു നാളിൽ പത്രൊസ് അതു നടപ്പാക്കുകയും ചെയ്യുന്നു. മാനസാന്തരപ്പെട്ടു പാപമോചനത്തിനായി സ്നാനം ഏല്പിൻ എന്നാണ് പറഞ്ഞതു. ആളുകൾ അതനുസരിച്ചു. അവർക്കു പാപമോചനം ലഭിച്ചു. അനുസരിക്കാത്തവരുടെ പാപം അവരിൽ തന്നെ നിർത്തുകയും ചെയ്തു. ക്രൂശിലെ കള്ളൻ ഈ നിയമത്തിൻ കീഴിൽ വരുന്നില്ല.

## ആദ്യത്തെ ആയിരങ്ങൾ

അപ്പൊസ്തല പ്രവൃത്തികളിൽ പരിവർത്തനങ്ങൾ നിരവധി രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തെ സംഭവം എടുത്താൽ യേശുക്രിസ്തുവിന്റെ ഈ കല്പന അനുസരിക്കുന്നതു മൂവായിരം പേരാണ്. അതായതു ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ നാമത്തിൽ പാപമോചനത്തിനായി സ്നാനമേല്ക്കുന്നതു. ക്രൂശിലെ കള്ളനെ പോലെ ആരെയും അന്നു രക്ഷിച്ചതായി നാം കാണുന്നില്ല. അന്നുണ്ടായിരുന്ന ആരും ക്രൂശിലെ കള്ളൻ സ്നാനം കൂടാതെ പറുദീസയിലേക്ക് എടുക്കപ്പെട്ടതുകൊണ്ട് എനിക്കും അങ്ങനെ മതി എന്നു ആരും പറഞ്ഞില്ല. പത്രൊസ്, തന്റെ പ്രസംഗത്തിൽ അവിടെ കൂടി വന്നിരുന്ന എല്ലാവരും പാപികളാണ് എന്ന് തെളിയിച്ചു കൊടുത്തു. അതു ബോധ്യമായവർ ചോദിച്ചു; ഞങ്ങൾ എന്താണ് ചെയ്യേണ്ടതു എന്ന്, അതിനു പത്രൊസ്: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്കു ലഭിക്കും. എന്നു ഉത്തരം നല്കി (പ്രവൃത്തി 2:38).

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** —The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9 00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth— Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/88/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443778

To